ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) & (ബി) സംസ്ഥാനത്ത് സർവ്വോദയ സംഘങ്ങളുടെ കീഴിൽ 162 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് ഇവ പ്രവർത്തിക്കുന്നത്.

(സി) ഉണ്ട്. സർവ്വോദയ സംഘം ഉത്പാദിപ്പിക്കുന്ന ഖാദിത്തുണിത്തരങ്ങൾ ഖാദികമ്മീഷന്റേയും ഖാദി ബോർഡിന്റേയും അംഗീകൃത വില്പനശാലകൾവഴി വിറ്റഴിച്ചുവരുന്നു. കൂടാതെ സംസ്ഥാനതല-ജില്ലാതല എക്സിബിഷനുകൾ, സഞ്ചരിക്കുന്ന വില്പനശാലകൾ എന്നിവ മുഖേനയും വിപണനം നടത്തിവരുന്നുണ്ട്.

(ഡി) വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വന്യ ജീവി സമ്പത്ത്

9 [*T299] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനങ്ങളിൽ വന്യജീവി സമ്പത്ത് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പിന്റെ നിലവിലുള്ള സംവിധാനങ്ങൾ വന്യജീവി സംരക്ഷണത്തിന് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ വനം വകുപ്പിന്റെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലുള്ള സംവിധാനം വന്യജീവി സംരക്ഷണത്തിന് പൂർണ്ണമായി പര്യാപ്തമെന്ന് കരുതുന്നില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

"T" മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly